# മതനിന്ദക്ക് പിറകിൽ സാമ്രാജ്യത്വ കരങ്ങൾ

**ഇസ്‌ലാമിനെയും** മുസ്‌ലിം സമൂഹത്തെയും അവഹേളിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവരാണ് ആഗോള സാമ്രാജ്യത്വ ശക്തികൾ. ഇസ്‌ലാമിന്റെ ആരംഭകാലം മുതൽ ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തെ വികലമായി ചിത്രീകരിച്ച് കുറ്റവിചാരണ ചെയ്യുന്ന ഹീനമായ നടപടികൾ ഉണ്ടായിട്ടുണ്ട്. അതിപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. എഴുത്തുകാരെയും കാർട്ടൂണിസ്റ്റുകളെയും വിലയ്ക്കെടുത്തുകൊണ്ടാണ് ഇത്തരം മ്ലേഛമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഡാൻഡേ, സൽമാൻ റുശ്ദി, തസ്‌ലീമ നസ്റിൻ ഇങ്ങനെ നീണ്ടുപോകുന്നു മതവെറിയന്മാരുടെ നിര. 1968–ൽ കേരള സർവകലാശാലയുടെ ബി.എസ്.സി വിദ്യാർഥികൾക്കുള്ള മലയാള ഉപപാഠമായിരുന്ന, പ്രവാചകനിന്ദയുടെ കൂത്തരങ്ങായ ഡാൻഡേ എഴുതിയ *ഡിവൈൻ കോമഡി* എന്ന പാഠപുസ്തകം അക്കാലത്ത് ഏറെ വിവാദങ്ങൾക്ക് തിരികൊളുത്തിയിരുന്നു. പിന്നീടത് പിൻവലിച്ചു. സാത്താന്റെ വചനങ്ങളെഴുതിയ റുശ്ദിയും ഇസ്‌ലാമിനെ ഇകഴ്ത്തി സൃഷ്ടികൾ മെനയുന്ന തസ്‌ലീമയും കാലം എത്ര മായ്ച്ചാലും മായാത്ത മതനിന്ദയുടെ വക്താക്കളാണ്. മതനിന്ദ വളർത്തുന്ന രചനകൾ മെനഞ്ഞെടുക്കുന്ന എഴുത്തുകാരുടെ പിന്നിൽ സാമ്രാജ്യത്വ ഗൂഢാലോചന ഉണ്ടെന്ന കാര്യം വിസ്മരിക്കരുത്.

ഇരകളെ വേട്ടക്കാരായി ചിത്രീകരിക്കുകയും കൂലി എഴുത്തുകാരെ ഉപയോഗിച്ച് മതനിന്ദ വളർത്തുകയും ഒരു സമൂഹത്തിന്റെ എന്നല്ല ലോകത്തിന്റെ തന്നെ അനുഗ്രഹമായി ഇന്നും ശോഭിച്ചുനിൽക്കുന്ന അന്ത്യപ്രവാചകനെയും ഇസ്‌ലാമിനെയും അവഹേളിക്കുകയും ചെയ്യുന്ന സാമ്രാജ്യത്വ ശക്തികൾ ഇപ്പോൾ മതസൗഹാർദത്തിന്റെ ഈറ്റില്ലമായ കേരളത്തിലും എത്തിയിരിക്കുന്നു. അതിന്റെ ഭാഗമാണ് പത്തനംതിട്ട ജില്ലയിലെ ചുങ്കപ്പാറയിലെ ഉപദേശികളുടെ വിവാദ പുസ്തക വിതരണം. തൊടുപുഴ ന്യൂമാൻസ് കോളേജിൽ നടന്ന സംഭവം അതിഭീകരമാണ്. ദൈവവും പ്രവാചകനും തമ്മിലുള്ള ചോദ്യവും ഉത്തരവും ഏതൊരു മനുഷ്യസ്നേഹിയെയും ഞെട്ടിക്കുന്നതാണ്. മറിച്ച് ചിന്തിച്ചാൽ, യേശു പ്രവാചകനും ദൈവവും തമ്മിലുള്ള സംഭാഷണം ഏതെങ്കിലുമൊരു വ്യക്തി മ്ലേഛമായി ചിത്രീകരിച്ചാൽ ഇവിടെ എന്തൊക്കെ സംഭവിക്കുമായിരുന്നു! ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു അധ്യാപകനിൽനിന്നും ഇത്തരം ഹീനമായ നടപടികൾ ഉണ്ടാകുന്നത് ഉദ്യോഗം പോയാലും തന്നെ രക്ഷപ്പെടുത്താൻ സാമ്രാജ്യത്വ ശക്തികളുടെ ശക്തമായ കരങ്ങൾ ഉണ്ടാകുമെന്നുള്ള ഉറച്ച വിശ്വാസം കൊണ്ടാണ്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ മതപ്രചാരവേലയുടെ ഭാഗമായി വിതരണം ചെയ്യപ്പെടുന്ന പുസ്തകങ്ങൾ മതനിന്ദ ഉൾക്കൊള്ളുന്നതാണ്. സമത്വവും സാഹോദര്യവും കെട്ടിപ്പടുക്കുന്നതിൽ ഇസ്‌ലാം വഹിച്ച പങ്കിനെ ലോകത്തിലെ ക്രൈസ്തവ എഴുത്തുകാരും ബുദ്ധിജീവികളും പ്രശംസിച്ചിട്ടുള്ളതാണ്. ലോകത്തിലെ നൂറ് മഹാ വ്യക്തിത്വങ്ങളെ വിലയിരുത്തിയപ്പോൾ അന്ത്യപ്രവാചകനായ മുഹമ്മദ് നബിയെയാണ് ക്രൈസ്തവനായ മൈക്കിൾ എച്ച്. ഹാർട്ട് ഒന്നാം സ്ഥാനം നൽകി ആദരിച്ചത്. അതിൽനിന്നുതന്നെ പ്രവാചകന്റെ വ്യക്തിത്വം സമാനതകളില്ലാത്തതാണെന്ന് വ്യക്തം.

സത്യം ഇതായിരിക്കെ, മുസ്‌ലിം വിരുദ്ധ നിലപാടുകൾ ജീവിതവ്രതമായി കൊണ്ടുനടക്കുന്നവർ കേരളത്തിൽ വളർന്നു പന്തലിച്ച് നിൽക്കുന്ന മതസൗഹാർദമാകുന്ന സ്നേഹസന്ദേശം ഊതിക്കെടുത്താൻ ശ്രമിക്കുകയാണ്.

**ഇ. ഖാലിദ് പുന്നപ്ര**

# സാമ്രാജ്യത്വം നമ്മെ തേടിയും വരും

**എന്തുകൊണ്ടായിരിക്കാം** കുറച്ച് കാലമായി ഇസ്‌ലാമിക പ്രസ്ഥാനത്തെയും മൗലാനാ മൗദൂദിയെയും മുമ്പെങ്ങുമില്ലാത്തവിധം പത്രമാധ്യമങ്ങളും അൾട്രാ സെക്യുലരിസ്റ്റുകളും വളഞ്ഞിട്ട് തല്ലുന്നത്? നിഷ്ക്രിയ ഇസ്‌ലാമിനെയല്ല, ക്രിയാത്മക ഇസ്‌ലാമിനെയാണ് പ്രസ്ഥാനം പ്രതിനിധാനം ചെയ്യുന്നത് എന്നതുകൊണ്ടാവുമോ? എന്നാൽ, ഈ ക്രിയാത്മകത പ്രസ്ഥാനം അതിന്റെ രൂപവത്കരണം മുതൽ തന്നെ സ്വായത്തമാക്കിയിട്ടുണ്ടല്ലോ. രൂപവത്കരണ കാലം മുതൽ എതിർപ്പുകൾ ഉണ്ടെങ്കിലും ഇത്ര രൂക്ഷമായി, കൂട്ടം ചേർന്നുള്ള ആക്രമണം ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്.

യഥാർഥത്തിൽ ഇവരൊക്കെ ഭയപ്പെടുന്നത്, സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുകയും അവക്ക്

ഇസ്‌ലാമിക പരിഹാരം നിർദേശിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനത്തെയാണ്. ഈ പോക്കു പോയാൽ കാലിന്നടിയിലെ മണ്ണ് ഒലിച്ചുപോകുമെന്നും സമുദായത്തിൽ നിൽക്കക്കള്ളി ഇല്ലാതാവുമെന്നും പലരും ഭയക്കുന്നു.

കമ്യൂണിസം ഏതാണ്ട് വാലറ്റം വരെ 'മുതലാളിമാർ' വിഴുങ്ങിക്കഴിഞ്ഞിരിക്കെ, ഇനി നോട്ടം സുസംഘടിതമായി പ്രവർത്തിക്കുകയും സാമ്രാജ്യത്വത്തിന് ഭീഷണിയാവുകയും ചെയ്യുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലേക്കാണ്. എന്തിനും ഏതിനും ഇസ്‌ലാമിക പരിഹാരങ്ങൾ കാണുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തങ്ങളുടെ 'സാംസ്കാരിക ഇസ്‌ലാമി'ൽ ചേക്കേറില്ലെന്ന് സാമ്രാജ്യത്വത്തിന് നന്നായി അറിയാം. അതുകൊണ്ടാണ് അതത് ഇടങ്ങളിലെ 'സാംസ്കാരിക' ഇസ്‌ലാം വക്താക്കളെയും മുസ്‌ലിം നാമധാരികളായ അൾട്രാ സെക്യുലരിസ്റ്റുകളെയും ചൂണ്ടയെറിഞ്ഞു പിടിക്കുന്നത്. ഈ വളഞ്ഞിട്ട് പിടിച്ചുള്ള ആക്രമണം അതിന്റെ ഭാഗമായേ കാണേണ്ടതുള്ളൂ.

ശഹീദ് ഹസനുൽ ബന്ന കൊല്ലപ്പെട്ടപ്പോൾ സാമ്രാജ്യത്വം ആ ദാരുണ കൊലപാതകം ആഘോഷിച്ചു. അന്ന് കാലിഫോർണിയയിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്ന സയ്യിദ് ഖുത്വ്ബ്, അവിടെ വിതരണം ചെയ്ത മധുരത്തിന്റെ കാരണമന്വേഷിച്ചപ്പോഴാണ് ഹസനുൽ ബന്നാ കൊല്ലപ്പെട്ടവിവരം അറിയുന്നത്. നിരുപദ്രവകാരിയായ ഒരു പണ്ഡിതൻ കൊല്ലപ്പെട്ടതിന് ആഘോഷിക്കാനെന്തിരിക്കുന്നു എന്ന അന്വേഷണമാണ് അദ്ദേഹത്തെ ഇഖ്‌വാനിൽ കൊണ്ടെത്തിച്ചത്. ഈജിപ്തിലെ ആ സ്വാതികനെ തേടി സാമ്രാജ്യത്വം എത്തിയെങ്കിൽ നമ്മെത്തേടി മാത്രം വരില്ലെന്ന് കരുതുന്നത് വിഡ്ഢിത്തമായിരിക്കും.

**അബൂ മർയം പുന്നയൂർക്കുളം**
**അജ്മാൻ**

## പോസ്റ്ററുകൾ കൊണ്ട് പുറത്തിറങ്ങാൻ വയ്യ!

**നാട്ടിലെയും** നഗരത്തിലെയും ചുമരുകളെല്ലാം വർണശബളമായ പോസ്റ്ററുകൾ കൊണ്ട് അലങ്കൃതം. അതിൽ തൊണ്ണൂറു ശതമാനവും *ഖൈറ ഉമ്മ*ത്തിന്റെ സംഭാവന. ഇംഗ്ലീഷ് അക്ഷരമാലയിലെ ഏതാണ്ടെല്ലാ അക്ഷരങ്ങൾ കൊണ്ടും നമുക്കിന്ന് സംഘടനകളുണ്ട്. അവയിലധികവും പിളർന്ന് പിരിഞ്ഞതിനാൽ ഈ അക്ഷരങ്ങൾ ആവർത്തിക്കുന്നുമുണ്ട്. ഇവക്കെല്ലാം കാക്കത്തൊള്ളായിരം പരിപാടികളും. ഓരോ പരിപാടിക്കും മൂന്നും നാലും കളർ പോസ്റ്ററുകൾ. പൊതുസമൂഹത്തിന് ഉത്തമ സമുദായത്തിന്റെ മഹനീയ സംഭാവന!

പ്രവർത്തകർ മാത്രം പങ്കെടുക്കേണ്ട കൺവെൻഷനു പോലും വേണം കളർ പോസ്റ്റർ. പല സംഘടനകളും കാമ്പയിൻ കൃഷിയിലാണിപ്പോൾ. മാസങ്ങൾ നീണ്ടുനിൽക്കുന്ന കാമ്പയിൻ. അതിനൊക്കെ ഓരോ മാസവും ഓരോ തരം പോസ്റ്റർ. കാമ്പയിന്റെ തലക്കെട്ട് മനോഹരം. പരിപാടിയോ പോസ്റ്ററൊട്ടിക്കലും.

വെറുപ്പുളവാക്കുന്ന ചിലതരം പോസ്റ്ററുകൾ പുഛത്തോടെയാണ് ജനം കാണുന്നത്. ഒരു പ്രമുഖ പണ്ഡിതൻ 24-ാം തവണയും നാദാപുരത്ത് എന്നൊരു പോസ്റ്റർ കണ്ടു ഈയിടെ. നബിദിനം പ്രമാണിച്ച് ഉൽപതിഷ്ണുക്കളെന്ന് പറയുന്ന വിഭാഗവും യാഥാസ്ഥിതികരെന്നു പറയുന്ന വിഭാഗവും തെരുവിൽ നടത്തിയ പോസ്റ്റർ യുദ്ധം സഹോദര സമുദായങ്ങൾ എത്ര പുഛത്തോടെയാവാം വായിച്ചിട്ടുണ്ടാവുക.

മതം ഗുണകാംക്ഷയാണെന്ന പേരിൽ മാസങ്ങളായി ഒരു കാമ്പയിൻ നടക്കുന്നു. ഗുണകാംക്ഷക്ക് മറ്റു വല്ല അർഥവുമുണ്ടോ എന്നാണ് അവരുടെ പ്രസംഗം കേട്ട ഒരു സഹോദരൻ ചോദിച്ചത്. കാമ്പയിന്റെ മുഖ്യ ഇനം തന്നെ സഹോദര സംഘടനകളെ ചെളിവാരി എറിയലായിരുന്നു. ഇവയിലൊക്കെ സ്വന്തം അണികൾക്കല്ലാതെ മറ്റാർക്കെങ്കിലും വല്ല താൽപര്യവുമുണ്ടോ?

ഈ ബഹളത്തിനിടയിലും ചിലത് വേറിട്ടു നിൽക്കുന്നു. ജനോപകാര പ്രദമായ പരിപാടികളുടെ ശ്രദ്ധേയമായ അറിയിപ്പുകൾ. ജനകീയ ഇടപെടലുകളും ജനസേവന സംരംഭങ്ങളും വിളിച്ചോതുന്ന ഇത്തരം പോസ്റ്ററുകളായിരിക്കും പലപ്പോഴും നമ്മുടെ മതിലുകളെയൊക്കെ ദൈവകോപം കൊണ്ട് വീഴാതെ നിലനിർത്തുന്നത്.

**പി.സി മുഹമ്മദ് കുട്ടി**
**തിരുത്തിയാട്**

## താരിഖ് റമദാന്റെ അന്വേഷണങ്ങൾ

**"ഒരു** പണ്ഡിതനോട് ചോദിക്കാൻ പോകുമ്പോൾ ഒരു തത്ത്വം നിങ്ങൾ പിന്തുടരേണ്ടതുണ്ട്. അദ്ദേഹം ഫത്‌വ തരുമ്പോൾ അതിന്റെ ഉറവിടത്തെ കുറിച്ച് നിങ്ങൾ ചോദിക്കണം. എനിക്കതിന്റെ തെളിവ് തരൂ. നിങ്ങൾക്കുത്തരം കിട്ടിയാൽ മാത്രം പോരാ. എവിടെ നിന്നാണ് ആ ഉത്തരം വരുന്നതെന്നു കൂടി മനസ്സി

ലാക്കിയിരിക്കണം." വളരെ പ്രസക്തമാണ് താരിഖ് റമദാന്റെ ഈ അഭിപ്രായം (ലക്കം 43).

ബഹുസ്വര സമൂഹത്തിലെ വൈവിധ്യങ്ങളെ ഇസ്‌ലാം എങ്ങനെ കാണുന്നു എന്നതിന് തൃപ്തികരമായ ഉത്തരമുണ്ട് ഈ അഭിമുഖത്തിലും താരിഖ് റമദാനെ പരിചയപ്പെടുത്തുന്ന ലേഖനത്തിലും. അദ്ദേഹത്തിന്റെ പരിഷ്കരണ ചിന്തകൾ ഉൾക്കൊള്ളുന്ന കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യേണ്ടതുണ്ട്. ആരെയും ഇരുത്തിച്ചിന്തിപ്പിക്കാനുള്ള പ്രതിഭാ വിലാസം അദ്ദേഹത്തിന്റെ ചിന്തകളിലും വാക്കുകളിലുമുണ്ട്.

**എ.ആർ.ബി തങ്ങൾ ഒമാൻ**

## ഹസനുൽ ബന്നാ മാതാ മഹൻ

**ലക്കം** 43-ൽ താരിഖ് റമദാനെ പരിചയപ്പെടുത്തുന്ന ഖണ്ഡികയിൽ ഏഴോളം പ്രാവശ്യം മാതൃപിതാവിനെ പിതാമഹൻ എന്നെഴുതിയിരിക്കുന്നു. മാതാമഹൻ എന്നാണ് വേണ്ടത്. ഹസനുൽ ബന്നായുടെ ദൗഹിത്രനാണ് താരിഖ് റമദാൻ. പൗത്രനല്ല.

**കെ.പി.എഫ് ഖാൻ ചേനപ്പടി**